# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **2535**

07-10-2016 ൽ മറുപടിയ്ക്ക്

### കേരളത്തിലെ തുറമുഖങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന് : | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) | കേരളത്തിൽ എത്ര തുറമുഖങ്ങളാണുള്ളത് ; പുതിയ എത്ര തുറമുഖങ്ങൾ നിർമ്മിക്കാനാണുദ്ദേശിക്കുന്നത് ; | (എ) സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ കേരളത്തിൽ ആകെ 17 തുറമുഖങ്ങളാണ് ഉള്ളത്. സ്വകാര്യ പങ്കാളിത്തത്തോടെ പുതിയതായി പൊന്നാനി, വിഴിഞ്ഞം എന്നീ തുറമുഖങ്ങൾ നിർമ്മിക്കുന്നുണ്ട്. |
| (ബി) | കാസറഗോഡ് തുറമുഖ വികസനത്തിനുള്ള സാധ്യതകളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഉരു വ്യവസായത്തിന്റെ നാടെന്ന നിലയിലും പണ്ടുമുതലേ അറബ് നാടുകളുമായി കച്ചവടബന്ധം ഉണ്ടായിരുന്ന മേഖല എന്ന നിലയിലും കാസറഗോഡ് ഒരു തുറമുഖം നിർമ്മിക്കുന്നത് പ്രയോജനം ചെയ്യുമെന്ന് കരുതുന്നുണ്ടോ; പ്രസ്തുത വിഷയത്തിൽ വേണ്ട പഠനം നടത്തി നടപടി സ്വീകരിക്കുമോ ? | (ബി) കാസർഗോഡ് തുറമുഖ വികസനത്തിന്റെ സാദ്ധ്യതകളെപറ്റി നിലവിൽ പഠനം നടത്തിയിട്ടില്ല. പ്രസ്തുത വിഷയത്തിൽ പഠനവും പരിശോധനയും നടത്തുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ